പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 440 | 19.10.2011-ൽ മറുപടിക്ക് |
|---|---|

## ജോബ് പോർട്ടലിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, സി.പി.മുഹമ്മദ്<br>,, റ്റി.എൻ.പ്രതാപൻ | ശ്രീ. കെ.സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നോർക്ക-റൂട്ട്സിന്റെ കീഴിലുള്ള ജോബ്-പോർട്ടലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ) | 2010 ഡിസംബറിൽ ആരംഭിച്ച ജോബ് പോർട്ടലിൽ രണ്ടായിരത്തോളം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്തവർക്ക് അവസരങ്ങൾ ഒരുക്കുന്നതിനായി യു.എ.ഇ.യിൽ 2011 മാർച്ചിൽ ഒരു കൺസൽട്ടന്റിനെ നിയമിച്ചു. ടി കൺസൾട്ടന്റ് മുഖാന്തിരം യു.എ.ഇ. യിലെ 4 കമ്പനികളിൽ നിന്നുള്ള 80-ൽ അധികം ഒഴിവുകൾ ജോബ് പോർട്ടലിൽ ലഭ്യമായി. സൗദി അറേബ്യയിൽക്കൂടി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 2011 സെപ്റ്റംബറിൽ കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട് |
| (ബി) | വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് അനുയോജ്യമായ പുതിയകോഴ്സുകൾ ആരംഭിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളോട് അഭ്യർത്ഥിക്കുമോ ; | (ബി) | വിദേശത്തുള്ള തൊഴിൽ തേടുന്ന വർക്കു സഹായകമായ തരത്തിൽ ഉള്ള പുതിയ കോഴ്സുകൾ തുടങ്ങുവാൻ വിദ്യാഭ്യാസവകുപ്പിനോടും തൊഴിൽ വകുപ്പിനോടും അഭ്യർത്ഥിക്കും |
| (സി) | ഇങ്ങനെ തുടങ്ങുന്ന പുതിയ കോഴ്സുകളുടെ പരിശീലന പരിപാടി വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | പുതിയ കോഴ്സുകൾ ആരംഭിച്ചശേഷം ഇതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ